# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. ടി.2053 - 16/08/2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയിന്മേലുള്ള ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും വായ്പ എഴുതിത്തള്ളുന്നതിനും നടപടി

ചോദ്യം | ഉത്തരം

ശ്രീ.ആർ. രാജേഷ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പ എടുത്ത് ജപ്തി നടപടികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആശ്വാസമായി ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും വായ്പ എഴുതിത്തള്ളുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സ.ഉ.(പി) 65/2017 തീയതി 16.05.2017, സ.ഉ.(പി) 89/2017 തീയതി 12.07.2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.08.2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഈ പദ്ധതിയനുസരിച്ച്, 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60% വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000/- രൂപ വരെ) വും സർക്കാർ സഹായം നൽകുന്നതാണ്. |

| | | |
|---|---|---|
| (ബി) | വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറത്തിറക്കിയതിനു ശേഷം ലഭ്യമായ ആകെ അപേക്ഷകൾ എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്ന തിനുവേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനാ യാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 04.08.2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പി ക്കുന്നതിനുള്ള അവസാന തീയതി 31.10.2017 ആണ്. അതിനുശേഷം മാത്രമേ അപേക്ഷകളുടെ കണക്കു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ